LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകിയുമാണ് സാധാരണയായി കെ.എസ്.ഇ.ബി.എൽ കുടിശ്ശിക തുക ഈടാക്കി വന്നിരുന്നത്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കെ.എസ്.ഇ.ബി.എൽ രണ്ടുവർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖാപിച്ച് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാനും നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത വാണിജ്യ ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി.എൽ-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻതലത്തിൽ, ഉപഭോക്താക്കളോട് നേരിട്ട് ഫോൺവഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ 2016 മുതൽ നടത്തിയ ശ്രമത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക നേട്ടം എത്രയെന്നറിയിക്കാമോ?

2015-16 സാമ്പത്തിക വർഷത്തിൽ, പ്രസരണ-വിതരണ നഷ്ടം 14.37% ആയിരുന്നത്, 2019-20 ആയപ്പോഴേയ്ക്കും 12.08% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി വൈദ്യുതി വാങ്ങൽ ചെലവിൽ 663.30 കോടി രൂപ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ്

174(5333) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് കെ.എസ്.ഇ.ബി. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് 2021 കാലയളവിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെട്ട് GPAIS ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതും ആയതിന് പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എംപ്ലോയീസ് വെൽഫെയർ ഫണ്ട് മുഖാന്തരം അപകട ആശ്വാസ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാകുന്നു. GPAIS പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS പദ്ധതികളിൽക്കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൊഴിലാളി/ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് അംഗത്വം പുതുക്കാനാകാതെ വരികയും അതിനുപകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് EWF (Employees' Welfare Fund) മുഖാന്തരം അപകട ആശ്വാസ ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അപകടമരണങ്ങൾക്ക് 10,00,000 രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസധനസഹായം (പരമാവധി 10 ലക്ഷം രൂപ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരെ (തൊഴിലാളി വിഭാഗത്തിനും (സ്കിൽഡ്, അൺസ്കിൽഡ് ഉൾപ്പെടെ) ഓഫീസർ വിഭാഗത്തിനും) കെ.എസ്.ഇ.ബി. EWF മുഖാന്തരമുള്ള അപകട ആശ്വാസ ധനസഹായ പദ്ധതിയിൽ അംഗമാക്കിയിട്ടുണ്ട്.

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിരക്കുകൾ

175(5334) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളും സ്റ്റേ വയറുകളും മാറ്റി സ്ഥാപിക്കുന്നതിന് അമിതമായ ചാർജ്ജ് ഈടാക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ഇലക്ട്രിക് പോസ്റ്റുകളും സ്റ്റേ വയറുകളും മാറ്റി സ്ഥാപിക്കുന്നതിന് ഒരു നിശ്ചിത ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?